ESTD. 1854

For Private Circulation
Volume 14 Issue 5
JULY 2022

# CSI St. PAUL'S CHURCH

## KUNNAMKULAM

(Out Stations : Talikulam & Kattakampal)

www.stpaulscsikunnamkulam.in



മേൽപ്പട്ടത്വത്തിന്റെ 9–ാം വാർഷികം ആഘോഷിക്കുന്ന
റൈറ്റ് റവ. ബി.എൻ. ഫെൻ തിരുമേനിക്കും ശ്രീമതി സഖി മേരി ഫെൻ കൊച്ചമ്മയ്ക്കും
സെന്റ് പോൾസ് കുന്നംകുളം ഇടവക കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ

**Motto : "എഴുന്നേറ്റ് പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സം നിന്റെ മേൽ ഉദിച്ചിരിക്കുന്നു." യെശയ്യാവ് 60:1**

ക്രിസ്തുയേശുവിൽ പ്രിയരേ, അവസരങ്ങളുടേയും, വിഭവങ്ങളുടേയും കാര്യക്ഷമമായ വിനിയോഗത്തിനായ് നമ്മെ കൊണ്ടുവന്ന് നിയോഗിച്ച ദൈവനാമത്തിൽ ഏവർക്കും സ്നേഹവന്ദനം രേഖപ്പെടുത്തട്ടെ.

എൺപതു കാലഘട്ടങ്ങൾ വരേയും വീടിന്റെ ഏറ്റവും അടുത്ത ഹൈസ്കൂളിൽ നിന്നും പത്താംക്ലാസ്സ് പാസ്സായ ശേഷം മക്കളെ മാതാപിതാക്കൾ മിക്കപ്പോഴും ദൂരെയുള്ള കോളേജിലും ഹോസ്റ്റലിലും കൊണ്ടുചെന്ന് ആക്കുമായിരുന്നു. അതുവരെയും മാതാപിതാക്കളോടും സഹോദരങ്ങളോടും ഒപ്പം കഴിഞ്ഞിരുന്ന കുട്ടികൾ പിന്നീട് പുതിയ സ്ഥലത്ത്, പുതിയ സാഹചര്യങ്ങളെ മനസ്സിലാക്കി മറ്റുള്ളവർക്ക് കൂടി അനുഗണമാകുന്ന വിധത്തിൽ പ്രയോജനപ്പെടുത്തി ജീവിതത്തിലും വിദ്യാഭ്യാസത്തിലും മികവ് നേടിയിട്ടുണ്ട്. കുടുംബാന്തരീക്ഷത്തിൽ നിന്നും വ്യത്യസ്തമായ കോളേജ്, ഹോസ്റ്റൽ സാഹചര്യത്തിൽ പിടിച്ചുനിൽക്കാൻ തന്റെ മക്കൾക്ക് കഴിയും എന്ന ഉറപ്പും പ്രതീക്ഷയുമാണ് മാതാപിതാക്കളുടെ കരുത്ത്. മാതാപിതാക്കളാണ് തങ്ങളെ ഇവിടെ കൊണ്ടുവന്നാക്കിയത് എന്ന കുട്ടികളുടെ ധൈര്യവും മാതാപിതാക്കളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിയും എന്ന കുട്ടികളുടെ പ്രതീക്ഷയും ഉറച്ചുനിന്ന് വിജയം നേടാൻ കുട്ടികളെ സഹായിച്ചിട്ടുണ്ട്.

"യഹോവയായ ദൈവം മനുഷ്യനെ കൂട്ടികൊണ്ടുപോയി ഏദൻ തോട്ടത്തിൽ വേല ചെയ്യുവാനും അതിനെ കാപ്പാനും അവിടെ ആക്കി." ഉൽപത്തി 2:15.

നാം ഇന്നു വസിക്കുന്ന പ്രപഞ്ചവും, അനുഭവിക്കുന്ന വിഭവങ്ങളും നാം കൊണ്ടുവന്നതല്ല, നാം നേടിയതല്ല, നമുക്ക് ആരും

നൽകിയതുമല്ല; പിന്നെയോ ദൈവം നമ്മെ ഇവിടേക്ക് കൂട്ടികൊണ്ടു വന്ന് ആക്കിയതാണ്.

യഹോവയായ ദൈവം മനുഷ്യനെ കൂട്ടികൊണ്ടുപോയി തോട്ടത്തിൽ ആക്കി എന്നതിൽ രണ്ട് കാര്യങ്ങൾ ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. ഉറപ്പും പ്രതീക്ഷയും - മനുഷ്യനേയും മുഴുപ്രപഞ്ച ത്തേയും സൃഷ്ടിച്ച ദൈവം മനുഷ്യനെ കൂട്ടികൊണ്ട് തോട്ടത്തിലേക്ക് പോകുന്നു. ഇപ്രകാരം മനുഷ്യനെ കൊണ്ടുപോയത് മനുഷ്യന് തോ ട്ടത്തിൽ അദ്ധ്വാനിക്കാനും പരിപാലിക്കാനും സാധിക്കും എന്ന് ഉറ പ്പുള്ളതിനാലാണ്. അദ്ധ്വാനിക്കുന്നതിനുള്ള കായിക ശേഷി, പരിപാ ലിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള ശ്രദ്ധ, ഇവയെല്ലാം ദൈവം മനുഷ്യന് നൽകിയിരുന്നു. തോട്ടത്തെ ഭംഗിയായി നയിക്കുന്നതി നുള്ള എല്ലാ സാഹചര്യങ്ങളും ഒരുക്കിയാണ് ദൈവം മനുഷ്യനെ തോട്ടത്തിൽ കൊണ്ടുവിട്ടത്. ഇതിനാൽ തന്നെ ദൈവം മനുഷ്യനിൽ ചില ഉറപ്പുകളും പ്രതീക്ഷയും അർപ്പിച്ചിരുന്നു. ഇതിനോട് മനുഷ്യനി ൽ നിന്നും ക്രിയാത്മകമായ പ്രതികരണം ഉണ്ടാകേണ്ടതാണ്.

ദൈവം തന്റെ മക്കളിൽ അർപ്പിച്ചിരിക്കുന്ന ഉറപ്പും പ്രതീക്ഷ യും സാധൂകരിക്കേണ്ടത് ദൈവമക്കൾ എന്ന നിലയിൽ നമ്മുടെ ഉത്ത രവാദിത്വമാണ്. ഭവനത്തിലും സമൂഹത്തിലും സഭയിലും ദൈവം നമ്മെ ആക്കിവെച്ചിരിക്കുന്നത്; നമുക്ക് നൽകപ്പെട്ടിട്ടുള്ള സാഹചര്യ ങ്ങളും, അവസരങ്ങളും നാം പ്രയോജനപ്പെടുത്തും എന്ന ഉറപ്പിലും പ്രതീക്ഷയിലുമാണ്. ദൈവമാണ് നമ്മെ ഇവിടെ കൊണ്ടുവന്നാക്കിയ ത് എന്ന തിരിച്ചറിവ് ഏത് വെല്ലുവിളികളേയും അതിജീവിക്കുന്നതി ന് നമുക്ക് കരുത്ത് പകരും എന്നത് തീർച്ചയാണ്. എവിടെയെങ്കിലും ഒരു സ്ഥാനത്ത് ആക്കി നമ്മെ വിട്ട് ഒഴിഞ്ഞുപോകുന്നവനല്ല നമ്മു ടെ ദൈവം. ‘‘ഞാനോ ലോകാവസാനത്തോളം നിങ്ങളോട് കൂടെയു ണ്ട്’’ എന്ന് അവിടുന്ന് വാക്ക് നൽകിയിട്ടുണ്ട്. ജീവിതത്തിലും ദൗത്യ ത്തിലും വ്യത്യസ്ത മേഖലകളിൽ നമ്മെ കൂട്ടികൊണ്ടുവന്ന് ആക്കിയ ദൈവം നമ്മോട് കൂടെ ഉണ്ട്. നാം ദൗത്യം ഏറ്റെടുത്ത് നിർവ്വഹിച്ച് മുന്നോട്ട് പോവുകയാണ് വേണ്ടത്.

ആദ്യ മനുഷ്യരിൽ യഹോവയായ ദൈവം അർപ്പിച്ച പ്രതീ ക്ഷയിൽ നിന്നും വിപരീത ഫലം ഉണ്ടായപ്പോൾ ദൈവം അവരെ തോട്ടത്തിൽ നിന്നും പുറത്താക്കിയെന്നതും ആരും വിസ്മരിക്കരുത്.

സെന്റ് പോൾസ് കുടുംബാംഗങ്ങൾ എന്ന നിലയിൽ ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന വിഭവങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മുടെ പ്രവർത്തന മേഖലകളിൽ പഠനത്തിന്റെ മേഖലകളിൽ ദൈവം നമ്മെ കൂട്ടികൊണ്ടുവന്നാക്കിയതാണ്. നാം ആയിരിക്കുന്ന മേഖലകളിൽ ദൈവം നമ്മിൽ അർപ്പിച്ചിരിക്കുന്ന ഉറപ്പും പ്രതീക്ഷയും ഫലപ്രദമാക്കുവാൻ ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ ഏവർക്കും കൃപ നൽകട്ടെ എന്ന ആശംസയോടും പ്രാർത്ഥനയോടും കൂടെ

ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷകൻ
**റവ. ഷിബുമോൻ സി. കെ.**

---

# *Birthday in JULY*

| Date | | Name |
|---|---|---|
| 01 | - | **ഷിജോ കെ.ജെ. കിളിയനാട്ടുപറമ്പിൽ** |
| 05 | - | **എബ്രഹാം ലിങ്കൺ, എളച്ചാട്ടിൽ** |
| 05 | - | **ജിസ്മി എം.ജെ, മാവീട്ടിൽ** |
| 06 | - | **ബിന്ദു ജോൺ, കുളങ്ങര** |
| 06 | - | **റിച്ചാർഡ് വിൽസൺ, കൂത്തൂർ** |
| 06 | - | **അമേഘ് ജോയി, പയ്യൂർ** |
| 07 | - | **നവോമി പ്രവീൺ ഹെൻറി** |
| 08 | - | **ജിജി ഡെജിൻ** |
| 09 | - | **സിസിലി മാത്തൻ, എഴുത്തുപുരയ്ക്കൽ** |
| 10 | - | **എൽസി ജോസ്, കിഴക്കൂട്ട്** |
| 10 | - | **സാംസൺ, കിഴക്കൂട്ട്, പഴഞ്ഞി** |
| 11 | - | **ജെസ്സി ലോയ്, കുന്നത്ത്** |
| 11 | - | **സാറാമ്മ ലോനപ്പൻ, പള്ളിപ്പറമ്പിൽ** |
| 14 | - | **ജോളി ജോൺസൺ** |
| 14 | - | **സുനോജ് ജോർജ്ജ്, പറപ്പൂർ** |
| 15 | - | **ജോയ് ചെറിയാൻ, പുലിക്കോട്ടിൽ** |



| | | |
|---|---|---|
| 16 | - | ഐപ്പ് പാറയ്ക്കൽ |
| 16 | - | തോമസ് ഉണ്ണി, കിഴക്കൂട്ട്, പഴഞ്ഞി |
| 16 | - | ബീന ബാബു പാച്ചപ്പിള്ളി |
| 17 | - | സാൽവിൽ സോണി കളത്തിൽ |
| 17 | - | ഡോ. ലിത്തു റെജി, മൂളിപ്പറമ്പിൽ |
| 18 | - | വത്സ ഉണ്ണി, കിഴക്കൂട്ട് |
| 18 | - | സാം ജേക്കബ് വില്ല്യം എടപ്പുള്ളി |
| 19 | - | മോളി ആൻഡ്രൂസ്, എഴുത്തുപുരയ്ക്കൽ |
| 22 | - | ലവിൻ കെ.ജെ. കുന്നത്ത് |
| 22 | - | നീതു ജെയിംസ്, ചിറക്കൽ |
| 23 | - | ബെന്നി എബ്രഹാം, എളച്ചാട്ടിൽ |
| 24 | - | തങ്കമണി ടോംസ്, ചോഴിയാറ്റിൽ |
| 27 | - | സോണി വിമല, പുലിക്കോട്ടിൽ |
| 27 | - | ശാരി സോണി, കളത്തിൽ |
| 27 | - | എഡ്വേർഡ് ജോൺ റജി, മൂളിപ്പറമ്പിൽ |
| 28 | - | റൊണാൻ ട്രിറ്റോൺ റെയ്സ് |
| 31 | - | കെ.സി. എബ്രഹാം, കുന്നത്തുപറമ്പൻ |
| 31 | - | റിയാന വിനോദ് റിഥം, അടാട്ട് |
| 31 | - | പ്രിസില്ല സാറാ, മാവീട്ടിൽ |

ജന്മദിനാശംസകൾ...

## *Wedding Anniversary in JULY*

10.07.2022 Mr. അനിൽകുമാർ & Mrs. ഷൈനി, നെല്ലിത്തറ

16.07.2022 Mr. കേണൽ ജോർജ്ജ്തോമസ് & Mrs. മേരി തോമസ്

വിവാഹ വാർഷിക മംഗളങ്ങൾ...



# വാർത്തകളും കുറിപ്പുകളും

## ഹരിത പദ്ധതി

മുൻ ന്യൂസ് ലെറ്ററുകളിൽ നിന്നും നാം ഇതിനെക്കുറിച്ച് മനസ്സിലാക്കിയിരുന്നവല്ലോ. ആദ്യഘട്ടം എന്ന നിലയിൽ തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുവാനാണ് നാം ലക്ഷ്യമിട്ടത്. ഇതിനായി തൈകൾ നടുവാൻ ഉദ്ദേശിച്ചിരിക്കുന്ന ഭാഗങ്ങളിലെ പാഴ്മരങ്ങൾ മുറിച്ച് മാറ്റേണ്ടതും, തണൽ ക്രമീകരിക്കേണ്ടവയെ അപ്രകാരം ചെയ്യേണ്ടതുമാണ്. കൂടാതെ നേരത്തേ മതിൽ കെട്ടുന്നതിനായി ശേഖരിച്ചുവെച്ച ചെങ്കല്ലുകൾ അവിടെ നിന്നും മാറ്റി ലക്ഷ്യം നിറവേറ്റേണ്ടതുമാണ്. ഈ ആവശ്യങ്ങളിലേക്കായി മരങ്ങൾക്ക് എല്ലാം നമ്പർ നൽകുകയും മഹായിടവകയുടെ അനുവാദത്തിനും സാമ്പത്തിക പിന്തുണക്കായും ഉള്ള കർത്തവ്യങ്ങൾ നിറവേറ്റി വരുന്നു.

## സി.എം.എസ്. പി.ജി. സ്കൂൾ

ഗുരുവായൂർ റോഡരികിൽ പ്രവർത്തിച്ചുവരുന്ന സ്കൂൾ കാലപ്പഴക്കത്തിൽ ജീർണാവസ്ഥയിൽ ആയിരിക്കുന്നു. ആയതിനാൽ കാലാനുസൃതമായി പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കാൻ കോർപ്പറേറ്റ് മാനേജ്മെന്റ് ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. സ്കൂൾ കെട്ടിടം നിർമ്മിക്കുമ്പോൾ അവിടെ നിന്നും മാറ്റി നിർമ്മിച്ചാൽ ഇപ്പോൾ കെട്ടിടം നിൽക്കുന്ന ഭൂമി നമ്മുടെ ഇടവകക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ ഉപയോഗിക്കുവാൻ കഴിയും. ഇതിലേക്ക് മഹായിടവകയുടെ പ്രതികരണത്തിനായി കാത്തിരിക്കുന്നു.

## 2021 – 2022 ഓഡിറ്റ് റിപ്പോർട്ട്

ഇടവകയുടെ കഴിഞ്ഞ സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. കോവിഡ് വ്യാപന നിയന്ത്രണങ്ങളുടെ ഭാഗമായി ദീർഘനാളുകൾ ദൈവാലയം അടച്ചിട്ട് ഓൺലൈൻ ആരാധനകൾ ക്രമീകരിക്കേണ്ടി വന്നിരുന്നു എങ്കിലും ദൈവമക്കളുടെ ആത്മാർത്ഥതയുടേയും സാമ്പത്തിക കൂട്ടായ്മയുടേയും ഫലമായി പതിനാറ് ലക്ഷം രൂപ വരുമാനം ലഭിക്കുകയുണ്ടായി. വിവിധ നിലകളിൽ സാമ്പത്തികമായി ഇടവകയെ കൈത്താങ്ങിയ എല്ലാവരേയും ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കുന്നു.

പ്രോഗ്രാമുകൾ വളരെ കുറഞ്ഞ കാലഘട്ടമായിരുന്ന കഴിഞ്ഞ സാമ്പത്തിക വർഷക്കാലം എന്നിരുന്നാലും, വിശാലമായ പാർക്കിങ്ങും ശാന്തവും സുന്ദരവും സുരക്ഷിതവും എന്ന നിലയിൽ നമ്മുടെ ഹെറിറ്റേജും നന്നായി പ്രവർത്തിച്ചു. പതിനാല് ലക്ഷം രൂപ വരവ് ലഭിച്ചു.

## ജന്മദിന, വിവാഹ വാർഷിക രജിസ്റ്റർ

ഇടവകയായി ജന്മദിന, വിവാഹ വാർഷിക ദിനങ്ങളുടെ ക്രോഡീകരിച്ച ഒരു രജിസ്റ്റർ തയ്യാറാക്കി വരുന്നു. പ്രാഥമിക രജിസ്റ്റർ വിവരങ്ങൾ പ്രസിദ്ധീകരിക്കു

ന്നതാണ്. വിവരങ്ങളിൽ തിരുത്തലുകൾക്കും കൂട്ടിച്ചേർക്കലുകൾക്കും ആവശ്യം വരുന്ന പക്ഷം അതിന് അവസരം നൽകുന്നതാണ്.

## വാട്സാപ്പ് ഗ്രൂപ്പ്

സെന്റ് പോൾസ് ഇടവകയുടെ പേരിൽ ഒരു ഔദ്യോഗിക ഗ്രൂപ്പ് ഫോം ചെയ്യുന്നു. ഇടവകയിൽ മെമ്പർഷിപ്പ് ഉള്ളവരോ കുടുംബാംഗങ്ങളോ മാത്രമായിരിക്കും ഈ ഗ്രൂപ്പിലെ അംഗങ്ങൾ. വരും കാലങ്ങളിൽ ഇടവകയുടെ അറിയിപ്പുകൾ ഈ വാട്സാപ്പ് ഗ്രൂപ്പ് വഴി അറിയിക്കുന്നതാണ്. അംഗങ്ങളായി ചേരുവാൻ ആഗ്രഹിക്കുന്നവർ ഇടവകയുടെ വാട്സാപ്പ് ഫോൺ നമ്പറായ **8296547933** എന്ന നമ്പറിലേക്ക് പേരും അഡ്രസ്സും മെസ്സേജ് ചെയ്യുക.

## ഇടവക വാട്സാപ്പ് ഫോൺ

ലാൻഡ് ഫോൺ വേണ്ടത്ര ഫലപ്രദമല്ലാത്ത ഈ കാലഘട്ടത്തിൽ സന്ദേശങ്ങൾ ഇവടകയുടെ മൊബൈൽ ഫോൺ നമ്പറായ 8296547933 എന്ന ഫോൺ നമ്പറിലേക്ക് വാട്സാപ്പ് ആയോ, ടെക്സ്റ്റ് മെസ്സേജ് ആയോ സന്ദേശം അയക്കാവുന്നതാണ്.

## പത്താംതരം, പ്ലസ്ടു, പി.യു.സി. വിജയികൾ

2021 - 2022 വിദ്യാഭ്യാസ വർഷത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയ നമ്മുടെ ഇടവക അംഗങ്ങൾ ആയ ജോബിൻ ജോസ് ജെ.എൽ., അലീന എലിസബത്ത്, ജെമീമ മേജോ, ജിതിൻ സി.ജെ., ജിനി സി.എൻ എന്നിവർ വിജയിച്ചു. ഇടവകയായി അഭിനന്ദിക്കുന്നു.

കേരള സിലബസ് പ്ലസ്ടു വിഭാഗത്തിൽ അലീന യേശുദാസ്, ഗിഫ്റ്റ് റോയ്, അലന്റ മേരി, അമെന്റ മേരി, അനുരൂപ് ജോയൽ, കർണാടക പി.യു.സി. വിഭാഗത്തിൽ സാറ കരോളിൻ മാത്യു എന്നിവരും വിജയികളായി. ഇടവകയുടെ അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു.

തുടർപഠനം ദൈവകൃപയിൽ നിറഞ്ഞ് മുന്നോട്ട് ഗമിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു.

## ഗായകസംഘ ഞായർ

സഭാ ആരാധനയിലെ പ്രധാന ഭാഗം തന്നെയാണ് ആരാധനയിലെ പാട്ടുകൾ. ക്വയർ മാസ്റ്ററുടേയും ക്വയർ അംഗങ്ങൾ എല്ലാവരുടേയും കൂട്ടായ പരിശ്രമങ്ങൾ ദൈവം മാനിക്കുകതന്നെ ചെയ്യും. ക്വയർ അംഗങ്ങളുടെ കൂട്ടായ്മയും, ആരാധനാ പങ്കാളിത്തവും പരിപോഷിപ്പിക്കുന്നതിലേക്കായി ഇടവക തലത്തിൽ 31.07.2022 ന് ഗായകസംഘ ഞായറാഴ്ചയായി ക്രമീകരിക്കുന്നു. അന്നേ ദിന ആരാധന ഭാഗങ്ങൾ ഗായകസംഘാംഗങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതാണ്. ഗായകസംഘത്തിന് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ഉപയോഗിച്ചുവരുന്ന ഇലക്ട്രോണിക് സംവിധാനങ്ങൾ പുതുക്കി വാങ്ങേണ്ട തിന് എല്ലാവരുടേയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. ഗായക സംഘത്തിന് വരുമാനം

കണ്ടെത്തുക എന്ന ലക്ഷ്യത്തിനായി ഗായകസംഘ ഞായർ ആരാധനയിൽ സമർപ്പിക്കുന്നതിനായി പ്രത്യേക സ്തോത്ര ദിന കവറുകൾ നൽകുന്നതാണ്. കൂടാതെ അന്നേദിവസം ഒരു ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. ഈ കാര്യങ്ങളിൽ എല്ലാവരുടേയും പ്രാർത്ഥനയും ആത്മാർത്ഥമായ സഹകരണവും പ്രതീക്ഷിക്കുന്നു.

## പാഴ്സനേജ്

കാലവർഷത്തിലേക്ക് പ്രവേശിച്ചതോടെ നമ്മുടെ പാഴ്സനേജ് വലിയ ഭീഷണി നേരിടുകയാണ്. എത്രയും വേഗത്തിൽ സ്ഥായിയായ സംവിധാനം നാം കൈവരിക്കേണ്ടതുണ്ട്. എല്ലാവരുടേയും പ്രാർത്ഥനയും സഹായസഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

## ഭവന പ്രാർത്ഥനകൾ

2022 ജൂൺ മാസം മുതൽ ആരംഭിച്ച ഭവന പ്രാർത്ഥനകളിൽ എല്ലാവരും സഹകരിച്ചുവരുന്നു. തുടർന്നും സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഭവന പ്രാർത്ഥനകൾ ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നവർ നേരത്തേ തന്നെ സെക്രട്ടറിയേയോ ചെയർമാനേയോ അറിയിക്കുക.

## ആരാധനാ സമയം ക്രമീകരണം

ഇടവകയുടെ എല്ലാ സംഘടനാ സംവിധാനങ്ങളും യോജിച്ച് പ്രവർത്തിക്കുന്നതിനായി സണ്ടേസ്കൂൾ ക്ലാസ്സുകൾ രാവിലെ 8.30 ന് താൽക്കാലികമായി ക്രമീകരിച്ചിരിക്കുന്നു. ആയതിനാൽ ഇടവക പൊതുആരാധന രാവിലെ 9.30ന് ക്രമീകരിക്കേണ്ടി വന്നിരിക്കുന്നു. സാഹചര്യങ്ങൾ പരിശോധിച്ച് ഏവർക്കും സൗകര്യപ്രദമായ രീതിയിൽ കൃത്യമായ സമയം അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം ക്രമീകരിക്കാം എന്ന് ആഗ്രഹിക്കുന്നു.

## ബിഷപ്പ് സ്ഥാനാരോഹണ വാർഷിക സ്തോത്രാരാധന

30.06.2022 ന് എറണാകുളം ഇമ്മാനുവേൽ കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് മഹായിടവക അദ്ധ്യക്ഷസ്ഥാനത്തേക്ക് റൈറ്റ് റവ. ബി.എൻ. ഫെൻ തിരുമേനി സ്ഥാനാരോഹണം ചെയ്തതിന്റെ 9-ാം വാർഷിക സ്തോത്രാരാധന നടന്നു. തിരുമേനിയ്ക്കും കുടുംബത്തിനും സെന്റ് പോൾസ് ഇടവക കുടുംബത്തിന്റെ ആശംസകൾ നേരുന്നു.

## വേദ ഭാഗ വായന

സഭാംഗങ്ങളുടെ ആരാധനയിലെ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി ആരാധനയിൽ വേദഭാഗങ്ങൾ വായിക്കുന്നതിന് അവസരം നൽകുന്നു. വായിക്കുന്നതിന് താൽപര്യം ഉള്ളവർ നേരത്തെ അറിയിക്കുക. അതിനനുസരിച്ച് ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

# മെയ് 2022 വരവ് - ചെലവുകൾ

| വരവ് | | | ചെലവ് | | |
|---|---|---|---|---|---|
| മുൻ മിച്ചം ബാങ്ക് | - | 87,328.65 | അഡ്വാൻസ് ട്രഷറർ | - | 11,159.00 |
| വസ്തുവക വരവ് | - | 300.00 | വസ്തുവക ചെലവ് | - | 420.00 |
| പൊതു വഴിപാട് | - | 26,300.00 | നികുതി | - | 280.00 |
| സംഭാവന | - | 3,000.00 | യാത്ര ചെലവ് | - | 50.00 |
| സെമിട്രി ഫണ്ട് | - | 1,000.00 | തിരുവത്താഴം | - | 720.00 |
| ജന്മദിന വിവാഹ വാർഷിക വഴിപാട് | - | 11,850.00 | ബാങ്ക് ചെലവ് | - | 9.60 |
| സ്തോത്ര വഴിപാട് | - | 4,000.00 | പോസ്റ്റേജ് & സ്റ്റേഷനറി | - | 1,250.00 |
| മാസവരി സംഖ്യ | - | 10,700.00 | സാധുസഹായം | - | 16,500.00 |
| ദശാംശം | - | 8,700.00 | വൈദ്യുതി ചാർജ്ജ് | - | 2,280.00 |
| ഫീസ് | - | 1,000.00 | ചർച്ച് മെയിന്റനൻസ് | - | 2,200.00 |
| ലേലം | - | 2,800.00 | സെമിട്രി മെയിന്റനൻസ് | - | 825.00 |
| സഭാമിത്രം | - | 1,000.00 | സണ്ടേസ്കൂൾ | - | 34,523.00 |
| സണ്ടേസ്കൂൾ | - | 29,230.00 | ക്വയർ | - | 227.00 |
| സാധുസഹായം | - | 19,600.00 | ലോക്കൽ അലവൻസ് | - | 9,540.00 |
| ഡയോസിസിൽ നിന്ന് വസ്തു ചെലവ് | - | 600.00 | ശുചീകരണം | - | 5,375.00 |
| ആകെ വരവ് | - | 2,07,408.65 | യുവജനസഖ്യം | - | 1,060.00 |
| അഡ്വാൻസ് ട്രഷറർ | - | 2,254.00 | സ്ത്രീജനസഖ്യം | - | 140.00 |
| | | | കുടിവെള്ളം | - | 420.00 |
| | | | സീനിയർ പ്രെസ്ബിറ്റർ അലവൻസ് | - | 2,000.00 |
| | | | ഈസ്റ്റർ കളക്ഷൻ | - | 6,960.00 |
| | | | 60% മഹായിടവകയിലേക്ക് | - | 34,758.00 |
| | | | പി.ബി.എഫ് | - | 3,180.00 |
| | | | പെൻഷൻ | - | 3,180.00 |
| | | | സഭാമിത്രം | - | 200.00 |
| | | | ആകെ ചെലവ് | - | 1,37,256.60 |
| | | | മിച്ചം ബാങ്ക് | - | 72,406.05 |
| | | 2,09,662.65 | | | 2,09,662.65 |

കുന്നംകുളം
27.06.2022

വികാരി | സെക്രട്ടറി | ട്രഷറർ

# PROGRAMME FOR JULY 2022

| | | | |
|---|---|---|---|
| 03.07.2022<br>9.30 am<br>വി.സ. | പെന്തെക്കോസ്തിന് പിൻപ് നാലാം ഞായർ<br>വില ഗണ്യമാക്കാതെ നൽകുക | ഉൽപത്തി 13:8 – 18<br>സങ്കീ. 15<br>2 കൊരിന്ത്യർ 8: 1 – 15<br>മർക്കോസ് 14:3 – 11 | എബ്രഹാം ലിങ്കൺ<br>അഷിത സുബിൻസൺ<br>നിഷ യേശുദാസ് |
| 10.07.2022<br>9.30 am | പെന്തെക്കോസ്തിന് പിൻപ് അഞ്ചാം ഞായർ<br>ദൈവശാസ്ത്രവിദ്യാഭ്യാസം വിശ്വസ്തരെ സൃഷ്ടിക്കുന്നു. | യോശുവ 4:1 – 9<br>സങ്കീ. 1<br>1 തിമൊഥെയോസ് 6:11 – 16<br>മത്തായി 13:1 – 9 | സജി ജോസഫ്<br>സോജിൻ വി.എസ്.<br>വിജി ജോസഫ് |
| 17.07.2022<br>9.30 am<br>വി.സ. | പെന്തെക്കോസ്തിന് പിൻപ് ആറാം ഞായർ<br>ദൈവജനം ക്രിസ്തുവിന്റെ ആട്ടിൻകൂട്ടം | ഉൽപത്തി 35:1 – 15<br>സങ്കീ. 95<br>അപ്പൊ. പ്രവ. 16:1 – 15<br>യോഹന്നാൻ 10:1 – 11 | റിച്ചാർഡ്സൺ ജേക്കബ്<br>ലിയ ലീല<br>ബെറ്റ്സി മെറീന ജോൺ |
| 24.07.2022<br>9.30 am | പെന്തെക്കോസ്തിന് പിൻപ് ഏഴാം ഞായർ<br>പൗരോഹിത്യശുശ്രൂഷ ക്രിസ്തുവിന്റെ സൗരഭ്യം | പുറപ്പാട് 29 : 1 – 9<br>സങ്കീ. 99<br>എബ്രായർ 5:1 – 14<br>ലൂക്കോസ് 10 : 1 – 11 | റ്റിജോ തോംസൺ<br>ആൻമരിയ അനിൽ<br>ഷൈനി മാത്യു |
| 31.07.2022<br>9.30 am | പെന്തെക്കോസ്തിന് ശേഷം എട്ടാം ഞായർ<br>ഗായകസംഘ ഞായർ<br>വീണ്ടെടുപ്പിന്റെ ഗായകർ | പുറപ്പാട് 15:1 – 21<br>സങ്കീ. 107 : 1 – 16<br>വെളിപാട് 19:1 – 16<br>ലൂക്കോസ് 1:68 – 79 | മാത്യു പി.ജെ.<br>അലീന എലിസബത്ത്<br>ഷൈനി അനിൽകുമാർ |

**ഭവന പ്രാർത്ഥനകൾ**

09.07.2022 6 pm സൂസന്ന തോമസ് കളത്തിൽ, കുറുക്കൻപാറ

23.07.2022 6 pm റോയ് ഇരവിമംഗലം, കക്കാട്

**ദശാംശ സമർപ്പണം**

17.07.2022 ആരാധനാ മദ്ധ്യേ

**സംഘടനാ യോഗങ്ങൾ**

03.07.2022 11.30 am സ്ത്രീജനസഖ്യം യൂണിറ്റ് മീറ്റിംഗ്

17.07.2022 11.30 am യുവജനസഖ്യം യൂണിറ്റ് മീറ്റിംഗ്

**ഗാന പരിശീലനം**

എല്ലാ ഞായറാഴ്ചയും 12 pm ന്

***കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ ഇടവക പട്ടക്കാരൻ***


CSI പാഴ്സനേജ്, കുന്നംകുളം
04885 227077, 8296547933

റവ. ഷിബുമോൻ സി.കെ.
Mob: 9744077022